ക്ലാസ് 9

സമഗ്രാസൂത്രണരേഖ ഭാഗം 4 ഭയകൗടില്യ ലോഭങ്ങൾ വളർക്കില്ലൊരു നാടിനെ

പ്രശ്നം : സാംസ്ക്കാരികത്തനിമയെ കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ

പഠനപ്രമേയം : നാം അറിയാതെ മാധ്യമങ്ങൾ സംസ്ക്കാരത്തെ മാറ്റുന്നു.

ആശയങ്ങൾ : കലകൾ, കളികൾ, രുചികൾ, ഭാഷ, വേഷം എന്നിവയിൽ കടന്നു കയറിയാണ് മാധ്യമങ്ങൾ ജീവിതത്തെ മാറ്റുന്നത്. മാറ്റങ്ങളെ ശരിയായി വിശകലനം ചെയ്ത് സമൂഹത്തിൽ ഗുണകരമായവ നിലനിർത്താനും ദോഷമായവ തിരസ്ക്കരിക്കാനുമുള്ള മനോഭാവം രൂപപ്പെടുത്തേണ്ടതുണ്ട്.

പാഠഭാഗങ്ങൾ : **ആധുനിക കേരളത്തിന്റെ ചരിത്രത്തിൽ സ്വദേശാഭിമാനിയുടെ സ്ഥാനം.**
**പുതിയ ആകാശം പുതിയ ഭൂമി**

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| 1 | **പത്രാധിപർക്ക് കത്തു തയ്യാറാക്കാം.**<br>പത്രങ്ങളിൽ വരുന്ന വായനക്കാരുടെ കത്തുകൾ കുട്ടികൾ ശേഖരിക്കുന്നു. ചിലത് ക്ലാസ്സിൽ വായിക്കുന്നു. കത്തുകളിലെ വിഷയം?<br>സംക്ഷിപ്തത, വസ്തുനിഷ്ഠത<br>പൊതു ചർച്ച. കുട്ടികളുടെ ചുറ്റുപാടുകളിൽ കാണുന്ന അഹിതമെന്ന് തോന്നുന്ന ഏതെങ്കിലും ഒരു പ്രശ്നത്തെ മുൻനിർത്തി പത്രാധിപർക്ക് കത്തു തയ്യാറാക്കുക | പത്രങ്ങൾ | പതിപ്പ്, കത്ത് | 45 മിനിററ് | ആശയം, സംക്ഷിപ്തത, വിഷയം തിരഞ്ഞെടുത്തതിന്റെ ഔചിത്യം, ഘടന |
| 2 | **വാർത്ത മാറ്റി എഴുതാം**<br>"പ്രസിഡന്റും പത്നിയും ഫേൻഡ് തിയറ്ററിൽ 'അമേരിക്കൻ കാസിൻ' എന്ന നാടകത്തിൽ ദത്തശ്രദ്ധരായി രണ്ടാം നിരയിലെ ബോക്സിൽ ഇരിക്കുകയായിരുന്നു. മൂന്നാം | H.B. | പത്രവാർത്ത | 20 മിനിറ്റ് | ഘടന, ആശയം<br>ഭാഷ<br>തലക്കെട്ട് |

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| | രംഗം അവസാനിച്ചപ്പോൾ ഒരാൾ പ്രസിഡന്റിന്റെ ബോക്സിൽ പ്രവേശിച്ച് മിസ്റ്റർ ലിങ്കന്റെ തലയ്ക്ക് വെടിവെച്ചു." അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കൻ വെടിയേറ്റു മരിച്ച സംഭവം 'ഷിക്കാഗോ ട്രൈബ്യൂൺ' ചിത്രീകരിച്ചതിങ്ങനെയാണ്. ആകാംക്ഷ ജനിപ്പിക്കുന്ന തലക്കെട്ടോടെ ഈ വാർത്ത മാറ്റി എഴുതൂ. | പത്രങ്ങൾ | പതിപ്പ്, കത്ത് | | ആശയം, സംക്ഷിപ്തത, വിഷയം തിരഞ്ഞെടുത്തതിന്റെ ഔചിത്യം, ഘടന |
| 3 | **സംവാദം**<br>പത്രപ്രവർത്തകന് അപരിമിതമായ സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം ഇന്ന് ശരിയാംവണ്ണം ഉപയോഗിക്കുന്നുണ്ടോ? അതോ വ്യക്തികളുടെ സ്വകാര്യതയിലേക്കു കടന്നു കയറുകയാണോ? അനുകൂല പ്രതികൂല ഗ്രൂപ്പുകളെ തയ്യാറാക്കുന്ന സംവാദം സംഘടിപ്പിക്കുന്നു. | പത്രങ്ങൾ ആനുകാലികങ്ങൾ | സംവാദം | 45 മിനിറ്റ് | ആശയങ്ങൾ, തെളിവുകൾ |
| 4 | **പ്രഭാഷണം തയ്യാറാക്കാം.**<br>ടെലിവിഷൻ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനത്തെകുറിച്ചും അതിനെ എങ്ങനെ ശരിയാംവണ്ണം ഉപയോഗിക്കാം എന്നതിനെകുറിച്ചും കുട്ടികളുടെ ഗ്രൂപ്പുകളിൽ ചർച്ച സൂചകങ്ങൾ കണ്ടെത്തി പൊതുചർച്ച. ഇതിന്റെ അടിസ്ഥാനത്തിൽ പ്രഭാഷണം തയ്യാറാക്കുന്നതിനാവശ്യപ്പെടുന്നു. | ചർച്ച | പ്രഭാഷണം | 45 മിനിറ്റ് | ഭാഷ, ആശയം, ഘടന, സമഗ്രത |

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| 5 | **പ്രോജക്ട്.**<br>കുട്ടികളിൽ ടെലിവിഷൻ സ്വാധീനം ചെലുത്തുന്നുണ്ടോ? ഇത് ഗുണമോ ദോഷമോ? കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. സർവ്വേ നടത്തുന്നതിനുള്ള ചോദ്യാവലി മെച്ചപ്പെടുത്താൻ (പൊതുചർച്ച) 8-ാം ക്ലാസ്സിലെ കുട്ടികളിൽ സർവ്വേ നടത്തുന്നു. നിഗമനത്തിലെത്തുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു. | ചോദ്യാവലി ആനുകാലികങ്ങൾ | പ്രോജക്ട് റിപ്പോർട്ട് | 3 മണിക്കൂർ | സമഗ്രത, ആവശ്യമായ ചോദ്യങ്ങളുടെ തിരഞ്ഞെടുപ്പ് |
| 6 | **ചിത്രം/ കാർട്ടൂൺ രചിക്കാം.**<br>മലയാളികളുടെ ജീവിതം ടെലിഴിഷൻ പരിപാടികൾ അനുസരിച്ച് ചിട്ടപ്പെടുത്തിയിരിക്കുന്നു. ടെലിവിഷൻ സ്വാധീനത്തിനടിമപ്പെട്ട് മറ്റെല്ലാം മറന്നു നിൽക്കുന്ന ദൃശ്യങ്ങളെ ചിത്രമായോ കാർട്ടൂണായോ ചിത്രീകരിക്കാമോ? | കാർട്ടൂൺ പത്രം | ചിത്രങ്ങൾ, കാർട്ടുണുകൾ | 1 മണിക്കൂർ | ആശയം, സംക്ഷിപ്തം, വിമർശനം, ഫലിതം |
| 7 | **കഥയരങ്ങ്**<br>മാധ്യമ വിമർശനം പ്രമേയമാകുന്ന ചെറുകഥകൾ കണ്ടെത്തുക. കഥയരങ്ങു നടത്തുക. പ്രമേയം ചർച്ചാ വിഷയമാക്കുക. വായനക്കുറിപ്പുകൾ തയ്യാറാക്കുക.<br>ചെറുകഥകൾ – മോക്ഷം – അംബികാസുതൻ മങ്ങാട്<br>വാർത്താശരീരം – സന്തോഷ് എച്ചിക്കാനം<br>പരസ്യശരീരം – ഇ.പി.ശ്രീകുമാർ<br>സ്വീകരണമുറി – സി.എസ്.ചന്ദ്രിക<br>തിരുത്ത് – എൻ.എസ്.മാധവൻ. | | കഥയരങ്ങ് വായനാക്കുറിപ്പുകൾ | 2 മണിക്കൂർ | ആശയം, ഭാവ വ്യക്തതയോടെയുള്ള വായന. |

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| 8 | **ചുവർപത്രം.**<br>സ്കൂളുമായി ബന്ധപ്പെട്ട് മുഖ്യമായ പ്രശ്ന ങ്ങൾ, സ്കൂൾ പ്രവർത്തനത്തെകുറിച്ചുള്ള വാർത്തകൾ, അറിയിപ്പുകൾ, ചെറുകഥ, കവിത, ലേഖനം, കാലികപ്രസക്തമായ ഉദ്ധരണികൾ, പ്രതികരണങ്ങൾ എല്ലാം ഉൾക്കൊള്ളിച്ച് ഒരു ചുവർപത്രം തയ്യാറാക്കാം. പത്രം ബ്ലോഗിൽ പ്രസിദ്ധീകരിക്കാം. | പത്രങ്ങൾ | ചുവർപത്രം | 4 മണിക്കൂർ | സമഗ്രത, ആശയം, ഭാഷ, ശൈലി |
| 9 | **ലഘു പ്രബന്ധം തയ്യാറാക്കാം.**<br>കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് എന്തു പങ്കാണ് ടെലിവിഷൻ വഹിക്കുന്നത്? നല്ലൊരു കാഴ്ചയുടെ സംസ്ക്കാരം രൂപീകരിക്കാൻ നമുക്കെന്തൊക്കെ ചെയ്യാൻ കഴിയും? കുട്ടികളുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ഉൾപ്പെടുത്തി ഒരു ലഘു പ്രബന്ധം തയ്യാറാക്കുക. പൊതു ചർച്ച. ആശയരൂപികരണം. ഉപന്യാസ രചന. വ്യക്തിഗതം. | ചർച്ച | പ്രബന്ധം | 2 മണിക്കൂർ | ആശയം, ഭാഷ, സമഗ്രത |
| 10 | **ചർച്ചാക്കുറിപ്പു തയ്യാറാക്കാം.**<br>ദൃശ്യമാധ്യമങ്ങളിൽ വാർത്തകൾക്കു മാത്രമായി സമയം നിശ്ചയിച്ചിട്ടുണ്ട്. വാർത്തയ്ക്കു വേണ്ടി മാത്രമുള്ള ചാനലുകളുമുണ്ട്. എന്നിട്ടും ദിനപത്രങ്ങളുടെ പ്രചാരത്തിൽ കുറവു വരുന്നില്ല. ആശയം. പൊതുചർച്ച. കാരണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കാൻ നിർബന്ധിക്കുന്നു. | ചർച്ച | ചർച്ചാക്കുറിപ്പ് | 2 മണിക്കൂർ | ആശയം, ഭാഷ, സമഗ്രത |

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| 11 | **സെമിനാർ പ്രബന്ധം തയ്യാറാക്കാം.** ദൃശ്യമാധ്യമങ്ങളെക്കുറിച്ച് ഒരു സെമിനാർ നടത്തുകയാണ്. 'അഭിരുചികൾ സൃഷ്ടിക്കുന്ന മാധ്യമങ്ങൾ' എന്ന വിഷയത്തിൽ പ്രബന്ധം തയ്യാറാക്കുന്നത് നിങ്ങളാണ്. വിഷയത്തെ അടിസ്ഥാനമാക്കി പ്രബന്ധം തയ്യാറാക്കുക. വിഷയം ഗ്രൂപ്പുകളിൽ ചർച്ച ചെയ്തു സൂചകങ്ങൾ കണ്ടെത്തുന്നു. പൊതുചർച്ച. പ്രബന്ധരചന. | ചർച്ച | പ്രബന്ധം | 3 മണിക്കൂർ | ആശയം, ഭാഷ, സമഗ്രത |
| 12 | **സൂചകങ്ങൾ കണ്ടെത്താം** ദൃശ്യമാധ്യമങ്ങൾക്കു സെൻസറിങ്ങ് ആവശ്യമാണോ? ഈ വിഷയത്തിൽ ഒരു സംവാദം നടത്തുന്നു. സംവാദത്തിൽ അവതരിപ്പിക്കുന്നതിനായി വിഷയവുമായി ബന്ധപ്പെട്ട അനുകൂലവും പ്രതികൂലവുമായ ചർച്ചാസൂചകങ്ങൾ മാത്രം തയ്യാറാക്കുക. | ചർച്ച | ചർച്ചാസുചകങ്ങൾ | 1 മണിക്കൂർ | ആശയങ്ങൾ, അനുകൂലം, പ്രതികൂലം, സംക്ഷിപ്തത |

ക്ലാസ് 10

## സമഗ്രാസൂത്രണരേഖ ഭാഗം 5 നവോത്ഥാന കവിത

ഓർമ്മയുടെ മാധുര്യം

അന്നും ഇന്നും. ഉള്ളൂർക്കവിതയിലെ ഒരുന്മേഷം

പശ്ചാത്താപമേ പ്രായശ്ചിത്തം

പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ

1. കവിത്രയ കവിതകൾ ഭാവം ഉൾക്കൊണ്ട് താളബോധത്തോടെ ചൊല്ലുന്നതിന്
2. സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലത്തിൽ സാഹിത്യകൃതികളെ വിലയിരുത്തുന്നതിനും ആസ്വദിക്കുന്നതിനും
3. രചനാശില്പശാലകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുത്ത് രചനകൾ നിർവ്വഹിക്കുന്നതിന്
4. കൈയെഴുത്തു മാസികകൾക്ക് ആവശ്യമായ രചനകൾ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| 1 | **കാവ്യമേള.**<br>ആശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ കവികളുടെ കവിതകൾ ശേഖരിക്കുന്നു. (വ്യക്തിഗതം) ഗ്രൂപ്പുകളിൽ കവിതകൾ തരംതിരിക്കുന്നു. (ദേശീയത, സംസ്ക്കാരം, അനാചാരങ്ങൾക്കെതിരെ) കവിതകളുടെ ആലാപനം. | 'അന്നും ഇന്നും'<br>'നളിനി'<br>'മഗ്ദലനമറിയം' | കവിതകൾ, മികച്ച ഈണങ്ങൾ | 4 മണിക്കൂർ | ഈണം, ആശയവ്യക്തത |
| 2 | **സെമിനാർ.**<br>'ആധുനിക കവിത്രയവും മലയാള കവിതയും വളർച്ചയും' എന്ന വിഷയത്തിൽ ഒരു സെമിനാർ. കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു.<br>ചർച്ചയിലൂടെ ഉപവിഷയങ്ങൾ കണ്ടെത്തുന്നു.<br>പ്രബന്ധങ്ങൾ തയ്യാറാക്കുന്നു. സെമിനാർ അവതരണം. സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. | T.B., H.B.<br>'കവിതാസാഹിത്യചരിത്രം' | സെമിനാർ പ്രബന്ധങ്ങൾ സെമിനാർ റിപ്പോർട്ട് | 3 മണിക്കൂർ | ആശയം, സമഗ്രത, ഭാഷ |

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| 3 | **ലഘുചരിത്രം തയ്യാറാക്കാം.**<br>കവിത്രയ കവികളുടെ കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കാം (ഗ്രൂപ്പു പ്രവർത്തനം) | 'കൈരളിയുടെ കഥ'<br>'ആധുനിക സാഹിത്യ ചരിത്രം' | ജീവചരിത്ര ക്കുറിപ്പ് | 3 മണി ക്കൂർ | സമഗ്രത, ഭാഷ, ശൈലി, ആശയം |
| 4 | **അനുഭവം കുറിക്കാം.**<br>'തന്നതില്ല പരനുള്ളുകാട്ടുവാ-<br>നൊന്നുമേ നരനുപായമീശ്വരൻ'<br>വരികളുടെ ആശയം പൊതുചർച്ച.<br>സ്വന്തം ജീവിതത്തിലെ ഏതെങ്കിലും ഒരു സന്ദർഭം ഉദാഹരിച്ചുകൊണ്ട് ആശയം വ്യക്തമാക്കുന്നതിനാവശ്യപ്പെടുന്നു (വ്യക്തിഗതം) | വരികളെഴുതിയ ചാർട്ട് | അനുഭവക്കു റിപ്പ് | 20 മിനിറ്റ് | ആശയം, അനുഭവും, ഭാഷ |
| 5 | **മിനിക്കഥ തയ്യാറാക്കാം.**<br>"ഭൂരിപൂക്കൾ വിടർന്ന പൊയ്കയും<br>തീരവും വഴികളും തരുക്കളും<br>ചാരുപുൻത്തറയും മോർത്തിടുന്നതിൻ<br>ചാരെ നാമെഴുമെഴുത്തു പള്ളിയും"<br>സന്ദർഭം ചൊതുചർച്ച. മനോഹരമായ ഈ സന്ദർഭത്തെ ഒരു കഥാരൂപത്തിൽ ആവിഷ്ക്കരിക്കാമോ? | T.B. | മിനിക്കഥാപ തിപ്പ് | 1 മണി ക്കൂർ | ഭാഷ, ശൈലി, ആശയം |

| നമ്പർ | പഠനപ്രവർത്തനങ്ങൾ പ്രക്രിയ | പഠന സാമഗ്രികൾ | ഉല്പന്നം | സമയം | വിലയിരുത്തൽ സൂചകങ്ങൾ |
|---|---|---|---|---|---|
| 7. | **ശേഖരണപതിപ്പ്**<br>മലയാളത്തിൽ"അന്നും ഇന്നും"എന്ന കൃതി യുടെ ആലാപം പോലെ അനുഷ്ടുപ്പുമായി തന്മയീഭവിക്കാൻ മറ്റൊരു വഴിയില്ല എന്നല്ലേ വസ്തുത സന്ദർഭം ഉദാഹരിച്ചുകൊണ്ട് ആശയം വ്യക്തമാക്കുന്നതിനാവശ്യപ്പെടുന്നു (വ്യക്തിഗതം)<br>വൃത്തനിരാസമുള്ള കവിതകളെക്കുറിച്ച് കവി കൾക്കും നിരൂപകർക്കുമുള്ള അഭിപ്രായങ്ങൾ ശേഖരിക്കാം | പത്രങ്ങൾ ആനുകാലികങ്ങൾ | ശേഖരണ പതിപ്പ് | 1 മണി ക്കൂർ | സമഗ്രത, ഭാഷ, ശൈലി |
| 6 | **ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം**<br>മേയാനായ് ചെന്നൊരു പെണ്മാൻ...<br>താമരത്താരൊരു ഹംസി പോലെ.<br>ഈ കവിതയിലെ വർണ്ണനകളിൽ ഭാരതീയ സാഹചര്യങ്ങൾ കാണുന്നു.കവി സ്വന്തം മ ണ്ണ് മറക്കുന്നില്ല.ഇത്തരം സുന്ദരമായ ഭാരതീ യ മുദ്രയുള്ള വരണ്ണനകളെ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പ് | T.B. | ആസ്വാദന ക്കുറിപ്പ് | 1 മണി ക്കൂർ | ഭാഷ, ശൈലി, ആശയം |